പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

**ഇന്ദിരാ ആവാസ് യോജന**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1483 — 05.12.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>,, വി.റ്റി.ബൽറാം<br>,, എ.റ്റി.ജോർജ്<br>,, ഷാഫി പറമ്പിൽ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | ഇന്ദിരാ ആവാസ് യോജനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) | ഗ്രാമീണ മേഖലയിൽ ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള ഭവന രഹിതരായ കുടുംബങ്ങൾക്ക് വാസയോഗ്യമായ വീട് ലഭ്യമാക്കുക എന്നതാണ് ഇന്ദിരാ ആവാസ് യോജനയുടെ ലക്ഷ്യം. അർഹരായ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് ഗ്രാമസഭയിലൂടെയാണ്. യൂണിറ്റ് കോസ്റ്റ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 75:25 അനുപാതത്തിൽ വഹിക്കുന്നു. |
| (ബി) | എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് പ്രസ്തുത പദ്ധതിയനുസരിച്ച് നൽകുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; | (ബി) | കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റ് 75,000/- രൂപയാണ്. അതിൽ 52,500/- രൂപ കേന്ദ്ര വിഹിതവും 17,500/- രൂപ സംസ്ഥാന വിഹിതവുമാണ്. എന്നാൽ കേരളത്തിൽ യൂണിറ്റ് കോസ്റ്റ് 2 ലക്ഷവും (എസ്.സി, ജനറൽ) 2.5 ലക്ഷവും (എസ്.ടി) ആക്കി സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധനവ് മൂലമുണ്ടായ അധിക ബാധ്യതയിൽ 50,000/-രൂപ സംസ്ഥാന സർക്കാരും ബാക്കി തുക ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 25 : 40 : 35 അനുപാതത്തിൽ കണ്ടെത്താനുമാണ് തീരുമാനിച്ചിട്ടുള്ളത്. |
| (സി) | ഈ സർക്കാർ അധികാരമേറ്റശേഷം ഐ.എ.വൈ പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | ഉണ്ട്. 15.09.2011 മുതൽ യൂണിറ്റ് കോസ്റ്റ് 2 ലക്ഷവും (എസ്.സി, ജനറൽ) 2.5 ലക്ഷവും (എസ്.ടി)ആക്കി ഈ സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധനവ് മൂലമുണ്ടായ അധികബാധ്യതയിൽ 50,000/- രൂപ സംസ്ഥാന സർക്കാരും ബാക്കി തുക ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 25:40: 35 അനുപാതത്തിൽ കണ്ടെത്താനുമാണ് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ